**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4667** **13-03-2023 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിൽ ബഫർസോൺ പരിധിയിൽ വരുന്ന പഞ്ചായത്തുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളാണ് ബഫർസോൺ പരിധിയിൽ വരുന്നതെന്ന് വിശദമാക്കാമോ; | (എ) | ബഹു. സുപ്രീം കോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവ് പ്രകാരം വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കി.മീ. ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിച്ചാൽ തൃശ്ശൂർ ജില്ലയിലെ 12 പഞ്ചായത്തുകളിലും ഒരു മുൻസിപ്പാലിറ്റിയിലും ഉൾപ്പെട്ട പ്രദേശങ്ങൾ ആയതിൽ ഉൾപ്പെടുന്നതാണ്. ഇവയുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br>1. തിരുവില്വാമല<br>2. ചേലക്കര<br>3. മുള്ളൂർക്കര<br>4. പാണഞ്ചേരി<br>5. പാഞ്ഞാൾ<br>6. പഴയന്നൂർ<br>7. പുത്തൂർ<br>8. തെക്കുംകര<br>9. വരന്തരപ്പിള്ളി<br>10. അതിരപ്പിള്ളി<br>11. കോടശ്ശേരി<br>12. മറ്റത്തൂർ<br>13. വടക്കാഞ്ചേരി (മുൻസിപ്പാലിറ്റി) |
| (ബി) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ നിന്ന് ബഫർസോണുമായി ബന്ധപ്പെട്ട് എത്ര | (ബി) | ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി |

| | | | |
|---|---|---|---|
| | പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പരാതികൾക്ക് പരിഹാരം കാണുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | | നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി മുൻസിപ്പാലിറ്റി, തെക്കുംകര പഞ്ചായത്ത് എന്നിവിടങ്ങിൽ നിന്നായി 1247 പരാതികൾ ലഭിച്ചിട്ടുണ്ട്. അയത് സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും KSRECന്റെ അസറ്റ് മാപ്പർ ആപ്പ് പ്രകാരം അപ് ലോഡ് ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ